പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1510 05-02-2019-ലെ മറുപടിയ്ക്ക്

# പ്രളയം മൂലം ഉണ്ടായ കൃഷിനാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തിൽ ആറന്മുള മണ്ഡലത്തിൽ കൃഷിനാശം മൂലം എത്ര കർഷകർ പ്രളയബാധിതരായിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ആറന്മുള മണ്ഡലത്തിൽ 2218 കർഷകർ പ്രളയബാധിതരായിട്ടുണ്ട്. |
| (ബി) | എത്രത്തോളം കൃഷി പ്രളയത്തിൽ നശിച്ചു എന്നതിന്റെ കണക്കുകൾ ലഭ്യമാണോ; വെളിപ്പെടുത്താമോ; | (ബി) | 3213 ഹെക്ടർ സ്ഥലത്തുള്ള കൃഷി പ്രളയത്തിൽ നശിച്ചു. |
| (സി) | എത്ര കർഷകർക്ക് ഇതിനോടകം നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞു എന്നും ഏതൊക്കെ രീതിയിലാണ് കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (സി) | ഇതുവരെ 1148 കർഷകർക്ക് നഷ്ടപരിഹാരം സംസ്ഥാന വിഹിതമായും കേന്ദ്ര വിഹിതമായും നൽകുകയുണ്ടായി. |
| (ഡി) | പ്രളയാനന്തരം നിക്ഷേപിക്കപ്പെട്ടിരിക്കുന്ന മണ്ണിന്റെ ഘടനയും മറ്റ് അനുബന്ധ വിഷയങ്ങളും പഠനവിധേയമാക്കിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിളപരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ നിയമിച്ചിരുന്നു. ഇതിൻപ്രകാരം കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ടീം ലീഡർ ആയിട്ടുള്ള 6 ടീമുകൾ രൂപീകരിച്ച് തൃശ്ശൂർ, പാലക്കാട്/മലപ്പുറം, കോഴിക്കോട്/വയനാട്, എറണാകുളം, ആലപ്പുഴ/കോട്ടയം, ഇടുക്കി എന്നീ ജില്ലകൾ സന്ദർശിച്ച് പ്രളയാനന്തരം സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | | | വിവിധ ഭാഗങ്ങളിൽ മണ്ണിനും പരിസ്ഥിതിക്കും സംഭവിച്ച മാറ്റത്തെ കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തി വിള പരിപാലനത്തിനും വിള സംരക്ഷണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വീണ്ടെടുക്കുന്നതും ഉൾപ്പെടെയുള്ളവ സംബന്ധിച്ച് ശുപാർശകൾ നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ച സംഘങ്ങൾ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ Post Flood Farm Sector Management Protocol പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. |
| **(ഇ)** | വ്യത്യസ്തമായ എന്തെങ്കിലും ഘടകങ്ങൾ മണ്ണിൽ കണ്ടെത്തിയിട്ടുണ്ടോ; നിക്ഷേപിക്കപ്പെട്ട മണ്ണ് കൃഷിക്ക് അനുയോജ്യം തന്നെ എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | **(ഇ)** | പ്രളയാനന്തരം സമതല പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുഴയോട് ചേർന്നു കിടക്കുന്ന തീരങ്ങളിലെ പാടങ്ങളിൽ ഉൾപ്പെടെ വലിയ തോതിൽ മണലും അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണെങ്കിലും പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. ഘനലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടിട്ടില്ല. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥയിലും അഭികാമ്യമായ നിലയിലുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്കൽ ഒരടിയോളം ഘനത്തിൽ മാത്രമേ അടിഞ്ഞുകൂടിയിട്ടുള്ളുവെങ്കിൽ നന്നായി ഇളക്കി മണ്ണിനോട് ചേർത്തുകൊടുക്കുന്നത് മണ്ണിന്റെ ഉത്പാദനക്ഷമത കൂട്ടും. കൂടുതൽ ഘനത്തിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്യേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**